**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് - രണ്ട് കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഒരു ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.3347/2016/തസ്വഭവ തിരുവനന്തപുരം, തീയതി : 08.12.2016.**

---

പരാമർശം : 1. സ.ഉ(എം.എസ്)നം.139/2016/തസ്വഭവ തീയതി : 29.09.2016
2. സ.ഉ(പി) നം. 28/2016/ഫിൻ തീയതി 26.02.2016
3. 14.11.2016 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയിലെ തീരുമാനം നമ്പർ 3.77

## <u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ അവലോകന നിർവഹണ പ്രവർത്തനങ്ങൾക്ക് സംഘടനാപരവും സഹായകരവുമായ പിന്തുണാ സംവിധാനം ഏർപ്പെടുത്തുന്നതിന് വിവിധ വികസന വകുപ്പുകളുടെ ഉദ്യോഗസ്ഥരെയും ഇതര വിഭാഗത്തിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് പരാമർശം(1)ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

2. പരാമർശം (3)ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി, മേൽ പറഞ്ഞ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ഓഫീസിൽ ജനകീയാസൂത്രണത്തിന്റെയും കോഓർഡിനേഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ടും ധാരാളം ടൈപ്പിംഗ് ജോലികളും മറ്റും ഉള്ള സാഹചര്യത്തിൽ 2 കമ്പ്യൂട്ടർ അസിസ്റ്റന്റിനെയും ഒരു ഓഫീസ് അറ്റൻഡന്റിനേയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ ശുപാർശ പരിഗണിക്കുകയും വകുപ്പുതലത്തിൽ തീരുമാനമെടുക്കുന്നതിന് നിർദ്ദേശിക്കുകയുമുണ്ടായി.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ഓഫീസിൽ 2 കമ്പ്യൂട്ടർ അസിസ്റ്റന്റിനെയും ഒരു ഓഫീസ് അറ്റൻഡന്റിനെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ.കെ.മോഹനകുമാർ**

ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്, തിരുവനന്തപുരം

ചെയർമാൻ, സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കില, തൃശ്ശൂർ

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

**പകർപ്പ്** - തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

Saradadevi

സെക്ഷൻ ഓഫീസർ